Syro Malabar Commission for Liturgy



# നോമ്പ് നാലാം ബുധൻ - യോഹ 6: 60-69

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനം കേട്ടപ്പോൾ രണ്ടു രീതിയിൽ ജനം പ്രതികരിക്കുന്നു. ഒന്നാമതായി, കഠിനമായ ഈ വചനം ആർക്ക് ഗ്രഹിക്കാൻ കഴിയും എന്നു പറഞ്ഞ് കുരിശെടുക്കാൻ തയ്യാറാകാതെ ഒരു കൂട്ടർ ഈശോയെ വിട്ടുപോകുന്നു. പിന്നെ ഒരിക്കലും അവർ അവനെ അനുഗമിച്ചതായി നാം കാണുന്നില്ല. രണ്ടാമതായി, ഈശോയുടെ വചനത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയും പൂർണ്ണമായി അനുഗമിക്കുകയും ചെയ്യുന്ന ശിഷ്യന്മാരെ നാം കാണുന്നു. സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല എന്നതാണ് ശിഷ്യത്വത്തിന്റെ വ്യവസ്ഥയായി ഈശോ മുന്നോട്ടുവയ്ക്കുന്നത് (മർക്കോ 8: 34). ‘ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ടല്ലോ’ എന്നാണ് ശിഷ്യന്മാരുടെ പ്രതിനിധിയായി പത്രോസ് പ്രതികരിക്കുന്നത്. കേസറിയാ ഫിലിപ്പിയിൽവച്ച് ‘നീ ജീവനുള്ള ദൈവത്തിന്റെ പുത്രൻ’ എന്നു പറഞ്ഞ പത്രോസ് തന്നെയാണ് ഇവിടെയും ഈശോയെ ഏറ്റുപറയുന്നത്. ശിഷ്യത്വത്തോട് രണ്ടുരീതിയിൽ പ്രതികരിക്കാം. വചനം കഠിനമാണെന്നുപറഞ്ഞ് പിന്മാറാം. അല്ലെങ്കിൽ, നിത്യജീവന്റെ വചസ്സുകൾ തേടി ഈശോയെ അനുഗമിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

ReadMore:www.syromalabarliturgy.org